**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5197** **23.05.2017 ൽ മറുപടിയ്ക്ക്**

**മെയ്ക്ക് ഇൻ ഇൻഡ്യ പദ്ധതിയിൽ റബ്ബറിനെ ഉൾപ്പെടുത്തുവാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) റബ്ബർ വിലസ്ഥിരതാ ഫണ്ട് പദ്ധതിക്ക് എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; | (എ) റബ്ബർ വിലസ്ഥിരതാ ഫണ്ട് നിലവിലില്ല. റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി പൂർണ്ണമായും ഒരു സംസ്ഥാനാവിഷ്കൃത പദ്ധതിയാണ്. ഇതിനായി കേന്ദ്ര സഹായമൊന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ബി) 'മെയ്ക്ക് ഇൻ ഇൻഡ്യ 'പദ്ധതിയിൽ റബ്ബറിനെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) 'മെയ്ക്ക് ഇൻ ഇൻഡ്യ 'പദ്ധതിയിൽ റബ്ബറിനെ ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) റബർ വിലസ്ഥിരതാ പദ്ധതിക്ക് നിലവിൽ എത്ര രൂപാ കുടിശിക നൽകാനുണ്ടെന്ന് അറിയിക്കുമോ? | (സി) ഈ സർക്കാർ വന്നതിനുശേഷം 748 കോടി രൂപ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡ പ്രകാരം റബ്ബർ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്ന ബില്ലുകളിന്മേൽ രണ്ടാഴ്ചയിലൊരിക്കലാണ് സബ്സിഡി റബ്ബർ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നത്. ഇത്തരത്തിൽ പരിശോധനകൾ പൂർത്തിയാക്കി സർക്കാരിൽ ലഭ്യമായ ബില്ലുകൾ പ്രകാരമുള്ള സബ്സിഡി കൈമാറിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**